**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്-2015 – 2016 ലെ തസ്തിക പുനർനിർണ്ണയത്തിന് ശേഷം തസ്തികയില്ലാതെ പുറത്ത് നിന്ന കാലയളവ് പുന:ക്രമീകരിക്കുമ്പോൾ പ്രസ്തുത അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർക്ക് അധിക തുക നല്കിയിട്ടുണ്ടെങ്കിൽ തിരിച്ച് പിടിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കേണ്ടതില്ലെന്ന് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (കൈ) നം.82/2018/പൊവിവ** **തീയതി, തിരുവനന്തപുരം 08/06/2018**

---

പരാമർശം:- 1. സ.ഉ (പി) നം. 29/16/പൊവിവ തീയതി 29-1-16.
2. സ.ഉ (പി) നം.176/2016/പൊവിവ തീയതി 15/10/2016.
3. സ.ഉ (പി) നം. 199/2016/പൊവിവ തീയതി 03-12-2016.

**ഉത്തരവ്**

എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകരുടെ നിയമനം, തസ്തിക നിർണ്ണയം, സംരക്ഷണാനുകൂല്യം എന്നിവ സംബന്ധിച്ച പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം, സംരക്ഷിത ലിസ്റ്റിലുൾപ്പെട്ട അദ്ധ്യാപക/അനദ്ധ്യാപകരുടെ തസ്തികയില്ലാതെ പുറത്തുനിന്ന കാലയളവ് അർഹതപ്പെട്ട അവധിയായോ, ശൂന്യവേതന അവധിയായോ ക്രമീകരിക്കേണ്ടതാണെന്ന നിർദ്ദേശം നൽകിയിരുന്നു. 2015-2016 ലെ തസ്തിക പുനർനിർണ്ണയത്തിന് ശേഷം തസ്തികയില്ലാതെ പുറത്ത് നിന്ന കാലയളവ് പുന:ക്രമീകരിക്കുമ്പോൾ പ്രസ്തുത അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർക്ക് അധിക തുക നല്കിയിട്ടുണ്ടെങ്കിൽ 2016 ഒക്ടോബർ മുതലുള്ള 5 (അഞ്ച്) മാസങ്ങളിലെ ശമ്പളത്തിൽ നിന്നും തുല്യമാസ തവണകളായി തിരികെ സർക്കാരിലേക്ക് അടക്കേണ്ടതാണ് എന്ന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം 2015-16 ലെ തസ്തിക നിർണ്ണയ ഉത്തരവിന് 14-07-2016 വരെ പ്രാബല്യമുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം 29-01-2016 മുതൽ മുൻകാല പ്രാബല്യത്തോടെ കെ.ഇ.ആർ ഭേദഗതി വരുത്തി അദ്ധ്യാപക ബാങ്ക് രൂപീകരിച്ചിട്ടുണ്ട്. ഈ ബാങ്കിൽ പ്പെട്ടവരെയാണ് 05-08-2016 ലെ സ.ഉ (പി) നം. 134/2016/പൊവിവ പ്രകാരം പുനർവിന്യസിക്കപ്പെട്ടത്. ഇത്തരത്തിൽ പുനർവിന്യസിക്കപ്പെട്ടവർക്ക് 2016 ജൂൺ, ജൂലൈ മാസത്തെ ശമ്പളമാണ് തിരിച്ചുപിടിക്കാൻ ഉത്തരവായിരിക്കുന്നത്. എന്നാൽ ഈ തീരുമാനത്തിന് സാങ്കേതികമായി നിലനില്പില്ല എന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അതിൻ പ്രകാരം താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

1. 2016 ജൂൺ 1 മുതൽ സംരക്ഷിത അദ്ധ്യാപക/അനദ്ധ്യാപകരെ പുനർവിന്യസിക്കപ്പെടുന്നതിനുള്ള സംരക്ഷണ ഉത്തരവ് പുറപ്പെടുവിച്ച 05-08-2016 വരെയുള്ള കാലയളവിൽ ശമ്പള ഇനത്തിൽ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അത് തുല്യ മാസതവണകളായി സർക്കാരിലേക്ക് തിരികെ അടക്കേണ്ടതാണെന്ന പരാമർശം (2) ഉത്തരവിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതില്ല.

2. 2016 ജൂലൈ 14 വരെ, 2015 – 2016 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിന് പ്രാബല്യമുണ്ടാകുമെന്നതിനാൽ പ്രസ്തുത ദിവസം വരെ വേതനം തടയപ്പെട്ടവർക്ക് ആയത് നൽകാവുന്നതാണ്.

3. 2016 ജൂലൈ 15 മുതൽ സംരക്ഷണ ഉത്തരവ് പുറപ്പെടുവിച്ച 2016 ആഗസ്റ്റ് 5-ാം തീയതിവരെ തസ്തിക നഷ്ടപ്പെട്ട് നിന്ന അദ്ധ്യാപകരുടെ/അനദ്ധ്യാപകരുടെ സർവ്വീസ് (22 ദിവസം) അർഹതപ്പെട്ട അവധി/ശൂന്യവേതന അവധിയായി ക്രമീകരിക്കാവുന്നതും ഇപ്രകാരം ക്രമീകരിക്കുന്നതിന് അവധി നിലവിലില്ലാത്തപക്ഷം ഭാവിയിൽ ഉണ്ടാകുന്ന അവധിയിൽ ക്രമവത്ക്കരിക്കാവുന്നതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ. ഷാജഹാൻ**
സെക്രട്ടറി

പകർപ്പ്:

പൊതുവിദ്യാഭ്യാസഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുഭരണ (എസ്.സി) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യവകുപ്പ്
(3/01/18-ലെ യു.ഒ ഫയൽ നം.466996/എഡ്യൂ.എ 1/17/ധന. പ്രകാരം)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ